സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

'പുരകത്തുമ്പോൾ വാഴ വെട്ടുക എന്നത് ശൈലജ ടീച്ചർ നടപ്പിലാക്കി

പി.പി.ഇ കിറ്റി വാങ്ങിയതിൽ സർക്കാരിന് അധിക ബാധ്യതയുണ്ടായെന്ന സിഎജി റിപ്പോർട്ടിൽ പ്രതികരിച്ച് കോൺഗ്രസ് നേതാവ് കെ. മുരളീധരൻ. പുരകത്തുമ്പോൾ വാഴ വെട്ടുക എന്ന പഴഞ്ചൊല്ല് ശൈലജ ടീച്ചർ നടപ്പിലാക്കി. അതിന് കിട്ടിയ ശിക്ഷയാണ് വടകരയിലെ തിരഞ്ഞെടുപ്പ് ഫലം. വടകരയിലെ കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ പിപിഇ കിറ്റിലെ അഴിമതിയായിരുന്നു മുഖ്യ തിരഞ്ഞെടുപ്പ് വിഷയം. ശൈലജ ടീച്ചർ ഒരു ലക്ഷത്തിന് മുകളിൽ വോട്ടുകൾക്ക് തോൽക്കാനുള്ള മുഖ്യ കാരണം അതാണ്. ഞങ്ങൾ അന്നേ പറഞ്ഞത് ഇന്ന് സിഎജി ശരിവെച്ചുവെന്നും അദ്ദേഹം വ്യക്തമാക്കി. പ്രതിപക്ഷ നേതാവ് വിഡി.സതീശൻ മണ്ഡലങ്ങളിൽ രഹസ്യസർവേ നടത്തിയെന്ന ആരോപണത്തിലും അദ്ദേഹം പ്രതികരിച്ചു. സകോൺഗ്രസിന് കൺഫർട്ടബിളായ സീറ്റ് ലഭിച്ചാൽ മാത്രമേ നല്ലൊരു സർക്കാർ ഉണ്ടാക്കാൻ കഴിയുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു.

www.swathanthramandapam.com വാല്യം: 59 ലക്കം: 245 2025 ജനുവരി 22 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ചരിത്രം കുറിച്ച് സ്വർണവില കുതിക്കുന്നു

ഒരു പവന് 60,200 രൂപ

തിരു : സംസ്ഥാനത്ത് സ്വർണവിലയിൽ വൻകുതിപ്പ്. ഇന്ന് ഒരു പവൻ സ്വർണത്തിന് 600 രൂപ വർദ്ധിച്ച് 60,200 രൂപയായി. ജനുവരിയിലെ ഏറ്റവും വലിയ സ്വർണനിരക്കാണ് ഇന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു ഗ്രാം 22കാരറ്റ് സ്വർണത്തിന് 75 രൂപ വർദ്ധിച്ച് 7,525 രൂപയും ഒരു ഗ്രാം 24 കാരറ്റ് സ്വർണത്തിന് 86 രൂപ വർദ്ധിച്ച് 8,209 രൂപയുമായി. കഴിഞ്ഞ ദിവസം ഒരു പവൻ സ്വർണത്തിന്റെ വില 59,600 രൂപയായിരുന്നു. ഇത് ആദ്യമാണ് സ്വർണവില 60,000 കടക്കുന്നത്.

ജനുവരി ആദ്യം മുതൽക്കേ സ്വർണവില ഉയരുന്നുണ്ട്. ചെറിയ ഇടിവുകൾ മാത്രമാണ് ഉണ്ടായത്. ജനുവരി ഒന്നിന് 57,200 രൂപ ആയ സ്വർണവില രണ്ടാഴ്ച കഴിഞ്ഞപ്പോഴേക്കും 59,000 രൂപയിലേക്കെത്തി. ഇപ്പോൾ മൂന്നാഴ്ച പിന്നിടുമ്പോൾ 60,000 കടന്നിരിക്കുകയാണ്. അന്താരാഷ്ട്ര തലത്തിൽ ഡോളർ വില കുത്തനെ ഉയർന്നതും രൂപയുടെ മൂല്യം ഇടിഞ്ഞതും സ്വർണവില ഉയരാൻ കാരണമായിട്ടുണ്ട്. അതേസമയം, സംസ്ഥാനത്തെ വെള്ളിവിലയിൽ ഇന്ന് മാറ്റമൊന്നും സംഭവിച്ചിട്ടില്ല. ഇന്ന് ഒരു ഗ്രാം വെള്ളിയുടെ വില 104 രൂപയും ഒരു കിലോ ഗ്രാം വെള്ളിയുടെ വില 104,000 രൂപയുമാണ്.

ഇന്ന് ഒരു പവൻ സ്വർണം വാങ്ങാൻ ഏകദേശം 65,150 രൂപ നൽകേണ്ടി വരും. പണിക്കൂലി, മൂന്ന് ശതമാനം ജിഎസ്ടി, ഹോൾമാർക്ക് ചാർജ് (53.10 രൂപ) എന്നിവയും ചേർത്താണ് ഈ വില ഈടാക്കുന്നത്. അതുപോലെ ഒരു ഗ്രാം സ്വർണത്തിന് ഏകദേശം 8,190 രൂപയും നൽകണം. ഓരോ ജുവലറിയിലും ഈ സ്വർണ വിലയിൽ നേരിയ മാറ്റം വന്നേക്കാം. അത് പണിക്കൂലിയിലെ മാറ്റങ്ങൾ അനുസരിച്ചായിരിക്കും.

മദ്യനിർമാണശാലയിൽ സർക്കാരിനെ കടന്നാക്രമിച്ച് പ്രതിപക്ഷം; ഒന്നിച്ച് ചെന്നിത്തലയും സതീശനും

തിരു: കഞ്ചിക്കോട് വൻ മദ്യ നിർമാണ സമുച്ചയം അനുവദിച്ചതിലെ അഴിമതി ആരോപണം നിയമസഭയിൽ ഉയർത്തി പ്രതിപക്ഷം. ചട്ടങ്ങൾ പാലിക്കാതെയും ജല ലഭ്യത പഠിക്കാതെയും മുഖ്യമന്ത്രിക്ക് താൽപര്യമുള്ള കമ്പനിക്ക് അനുമതി നൽകുകയായിരുന്നു എന്ന് രമേശ് ചെന്നിത്തല ആരോപിച്ചു. തെലങ്കാനയിലെ മുൻ സർക്കാരും കേരള സർക്കാരുമായുള്ള ബന്ധമാണ് പദ്ധതിക്ക് വഴി തുറന്നതെന്ന് രമേശ് ചെന്നിത്തല പറഞ്ഞു. ഇത് ഡൽഹി മദ്യനയ അഴിമതിക്ക് സമാനമെന്നും രമേശ് ചെന്നിത്തല ആരോപിച്ചു.

നന്ദി പ്രമേയ ചർച്ചയിലെ പ്രസംഗത്തിനിടെയാണ് മദ്യ നിർമാണശാലക്ക് അനുമതി നൽകിയതിൽ സർക്കാർ അഴിമതി നടത്തി എന്ന് രമേശ് ചെന്നിത്തല ആരോപിച്ചത്. ഇടത് മുന്നണിയിലോ മന്ത്രിസഭയിലോ ചർച്ച ചെയ്യാതെ മുഖ്യമന്ത്രിക്ക് താൽപര്യമുള്ള കമ്പനിക്ക് അനുമതി നൽകുകയായിരുന്നു.

സർക്കാർ കമ്പനിയുടെ ജവാൻ മദ്യത്തിന്റെ നിർമാണത്തിന് പോലും വെള്ളം നൽകാനില്ല. ഒരു ശാസ്ത്രീയ പഠനവും ജല ലഭ്യതയെ കുറിച്ച് നടത്തിയിട്ടില്ല. മന്ത്രി കൃഷ്ണൻകുട്ടിക്ക് എന്തു പറയാനുണ്ടെന്നും രമേശ് ചെന്നിത്തല ചോദിച്ചു.

സഭയ്ക്ക് പുറത്ത് പ്രതിപക്ഷ നേതാവ് വി.ഡി. സതീശനൊപ്പം നടത്തിയ വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രിയും തെലങ്കാന മുൻ മുഖ്യമന്ത്രിയുമായുള്ള ബന്ധമാണ് അനുമതിക്ക് വഴിയൊരുക്കിയതെന്ന പുതിയ ആരോപണവും ചെന്നിത്തല ഉയർത്തി.

എക്സൈസ് മന്ത്രി സഭയിൽ ഇല്ലാത്ത ദിവസമാണ് വിഷയം സഭയിൽ ഉയർന്നത്. അഴിമതി ആരോപണം ഉയർന്നപ്പോഴും ഭരണപക്ഷം ബഹളമുണ്ടാക്കാതെ കേട്ടിരുന്നതും ശ്രദ്ധിക്കപ്പെട്ടു.

ബന്ധത്തിന് പ്രാധാന്യം, ട്രംപ് ഭരണകൂടത്തിന്റെ ആദ്യ ഉഭയകക്ഷി ചർച്ച ഇന്ത്യയുമായി

വാഷിങ്ടൺ: ഇന്ത്യയുമായുള്ള ബന്ധത്തിന് കൂടുതൽ പ്രാമുഖ്യം നൽകുന്നതായി വ്യക്തമാക്കുന്ന സൂചനകൾ നൽകി യു.എസ്. പുതിയ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അധികാരമേറ്റതിനുപിന്നാലെ യു.എസ്. സ്റ്റേറ്റ് സെക്രട്ടറി മാർകോ റുബിയോയും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മൈക്ക് വാൾട്സും ഇന്ത്യയുടെ വിദേശകാര്യമന്ത്രി എസ്. ജയശങ്കറുമായി കൂടിക്കാഴ്ച നടത്തി. ട്രംപ് ഭരണകൂടം അധികാരമേറിയതുശേഷം ആദ്യമായി നടത്തിയ ഉഭയകക്ഷിചർച്ച ഇന്ത്യയുമായെന്നതാണ് ശ്രദ്ധേയം. ട്രംപ് പ്രസിഡന്റായി അധികാരമേറ്റെടുക്കുന്ന ചടങ്ങിൽ പങ്കെടുക്കാൻ യു.എസിന്റെ പ്രത്യേക കക്ഷണം സ്വീകരിച്ചാണ് എസ്. ജയശങ്കർ എത്തിച്ചേർന്നത്.

അയൽരാജ്യങ്ങളായ കാനഡ, മെക്സിക്കോ എന്നിവടങ്ങളിൽനിന്നുള്ള പ്രതിനിധികളുമായോ അല്ലെങ്കിൽ ഏതെങ്കിലും നാറ്റോ സഖ്യരാജ്യത്തുനിന്നുള്ള പ്രതിനിധിയുമായോ ആണ് പുതിയ ഭരണകൂടം അധികാരത്തിലെത്തിയാൽ ആദ്യത്തെ ഉഭയകക്ഷിചർച്ച നടന്നിരുന്നത്. എന്നാൽ ആ സമ്പ്രദായത്തിൽനിന്ന് വ്യത്യസ്തമായി ഇന്ത്യയുടെ വിദേശകാര്യമന്ത്രിയുമായുള്ള കൂടിക്കാഴ്ച നടത്താനുള്ള മാർകോ റുബിയോയുടെ തീരുമാനം ഇന്ത്യയുമായുള്ള ബന്ധത്തിന് യു.എസ്. നൽകുന്ന പ്രാധാന്യത്തെ സൂചിപ്പിക്കുന്നതായാണ് വിലയിരുത്തൽ.

ഇരുരാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തവും സഹവർത്തിത്വവുമായിരുന്നു പ്രധാന ചർച്ചാവിഷയമെന്നാണ് റിപ്പോർട്ടുകൾ. യു.എസ്സിലെ ഇന്ത്യൻ അംബാസഡർ വിനയ് ക്വത്രയും കൂടിക്കാഴ്ചയിൽ പങ്കെടുത്തു. ചർച്ചയ്ക്കുശേഷം റുബിയോയും ജയശങ്കറും ഒരുമിച്ച് അന്താരാഷ്ട്രമാധ്യമങ്ങൾക്കു മുന്നിൽ വരുകയും ഫോട്ടോയ്ക്ക് പോസ് ചെയ്യുകയുമുണ്ടായി.

റുബിയോയുമായി കൂടിക്കാഴ്ച നടത്തിയതിനെ കുറിച്ചും പ്രാദേശിക-ആഗോളവിഷയങ്ങളിൽ തങ്ങളുടെ കാഴ്ചപ്പാടുകൾ ഇരുരാജ്യങ്ങളും പങ്കുവെച്ചതായും ഡോ. ജയശങ്കർ എക്സ് പോസ്റ്റിൽ കുറിച്ചു. ട്രംപ് അധികാരമേൽക്കുന്ന ചടങ്ങിലേക്ക് അതിഥികളായെത്തിയ ക്വാഡ് രാജ്യങ്ങളിലെ വിദേശകാര്യമന്ത്രിമാരുടെ യോഗത്തെ കുറിച്ചും ജയശങ്കർ എക്സ് പോസ്റ്റിലൂടെ പങ്കുവെച്ചു. ഓസ്ട്രേലിയ, ഇന്ത്യ, യു.എസ്, ജപ്പാൻ എന്നീ രാജ്യങ്ങളാണ് ക്വാഡ് സഖ്യത്തിലുള്ളത്.

പ്രവാസികളുടെ ആശങ്കയ്ക്ക് ആശ്വാസം, കാത്തിരുന്ന പ്രഖ്യാപനമെത്തി

അബുദാബി: വിദേശങ്ങളിലേയ്ക്ക് പറക്കുന്നവർക്ക് സന്തോഷവാർത്തയുമായി എയർ ഇന്ത്യ എക്സ്പ്രസ്. എയർ ഇന്ത്യ വിമാനങ്ങളിൽ കൊണ്ടുപോകുന്ന സൗജന്യ ചെക്ക് ഇൻ ബാഗേജിന്റെ അനുവദനീയമായ ഭാരം 30 കിലോയായി ഉയർത്തി. ഏഴുകിലോവരെ ക്യാബിൻ ബാഗേജും അനുവദിക്കും.

ക്യാബിൻ ബാഗേജ് രണ്ടെണ്ണംവരെയാണ് അനുവദിക്കുക. ഇവ രണ്ടും കൂടിയുള്ള ഭാരം ഏഴുകിലോവരെയാകാം. ലാപ്ടോപ്പ് ബാഗ്, ബാക്ക്പാക്ക് തുടങ്ങിയ ചെറിയ ബാഗുകളും യാത്രക്കാർക്ക് കൈയിൽ കരുതാം. ഇവ മുന്നിലുള്ള സീറ്റിനിടയിൽ ഉൾക്കൊള്ളുന്നതാവണമെന്നുമാത്രം.

ചെറിയ കുട്ടികളുമായി യാത്ര ചെയ്യുന്നവർക്ക് 10 കിലോ വരെയുള്ള അധിക ചെക്ക് ഇൻ ബാഗേജും അനുവദിക്കും. മൊത്തത്തിൽ ക്യാബിൻ ബാഗേജ് ഉൾപ്പെടെ 47 കിലോയാണ് ബാഗേജിന്റെ അനുവദനീയ ഭാരം.

ബാഗേജ് ഇല്ലാതെ യാത്ര ചെയ്യുന്നവർക്ക് എക്സ്പ്രസ് ലൈറ്റ് എന്ന സേവനം തിരഞ്ഞെടുത്ത് സാധാരണ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ യാത്ര ചെയ്യാം. ഇങ്ങനെ യാത്ര ചെയ്യുന്നവർക്ക് മൂന്ന് കിലോ ക്യാബിൻ ബാഗേജ് അനുവദിക്കും. ബിസിനസ് ക്ലാസായ എക്സ്പ്രസ് ബിസിൽ യാത്ര ചെയ്യുന്നവർക്ക് അന്താരാഷ്ട്ര ഫ്ളൈറ്റുകളിൽ 40 കിലോവരെ ബാഗേജ് അനുവദിക്കും.

ഇന്ത്യയിൽ നിന്നുള്ള പ്രവാസികൾ ഉൾപ്പെടെ ഏറ്റവും കൂടുതൽ പേർ യാത്ര ചെയ്യുന്ന രാജ്യങ്ങളുടെ പട്ടികയിൽ മുന്നിലാണ് യുഎഇ ഉള്ളത്. ലോകത്തിലെ തന്നെ ഏറ്റവും തിരക്കേറിയ വ്യോമ ഇടനാഴിയാണ് യുഎഇ- ഇന്ത്യ. മലയാളികൾ ഉൾപ്പെടെ ലക്ഷക്കണക്കിന് പ്രവാസികളാണ് യുഎഇയിൽ ജോലി ചെയ്യുന്നത്. ഇവരുടെ നാട്ടിലേയ്ക്കുള്ള യാത്രയും തിരികെപ്പോക്കുമെല്ലാം ഇന്ത്യ-യുഎഇ വ്യോമയാന രംഗത്ത് വലിയ വരുമാനമാണ് നൽകുന്നത്.

ടാറ്റ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള എയർ ഇന്ത്യ എക്സ്പ്രസ് 450 പ്രതിവാര ഫ്ളൈറ്റ് സർവീസാണ് ഇന്ത്യയ്ക്കും മിഡിൽ ഈസ്റ്റിനും ഇടയിലായി നടത്തുന്നത്. 19 ഇന്ത്യൻ നഗരങ്ങളെ മിഡിൽ ഈസ്റ്റിലെ 13 മേഖലകളുമായി ബന്ധിപ്പിക്കുന്നു.

നാല് സ്ത്രീകളുടെ ഭർത്താവ്, അഞ്ചാമത്തെ ശ്രമം കുടുക്കി; വിവാഹതട്ടിപ്പിൽ 31കാരൻ പിടിയിൽ

കൊല്ലം: വർക്കലയിൽ വിവാഹതട്ടിപ്പ് നടത്തി സ്വർണവും പണവും കവർന്ന യുവാവ് അറസ്റ്റിൽ. താന്നിമൂട് സ്വദേശി നിതീഷ് ബാബു (31) ആണ് അറസ്റ്റിലായത്. ഒരേസമയം നാല് യുവതികളുടെ ഭർത്താവായി അഭിനയിക്കവേ അഞ്ചാമതും ബന്ധം തുടങ്ങാനുള്ള ശ്രമമാണ് കുടുക്കിയത്.

നഗരൂർ സ്വദേശിയായ നാലാം ഭാര്യ പുതിയ ബന്ധത്തെക്കുറിച്ച് അറിഞ്ഞതോടെയാണ് നിതീഷിന്റെ വിവാഹതട്ടിപ്പ് പുറത്തുവന്നത്. വർക്കല പൊലീസിന്റെ അന്വേഷണത്തിൽ യുവാവ് നിരവധി സ്ത്രീകളെ തട്ടിപ്പിനിരയാക്കിയെന്നും ഒരു വിവാഹവും നിയമപരമായി രജിസ്റ്റർ ചെയ്തിട്ടില്ലെന്നും കണ്ടെത്തി.

വീടുവളഞ്ഞാണ് പൊലീസ് നിതീഷിനെ കസ്റ്റഡിയിലെടുത്തത്. തട്ടിപ്പിനിരയായ സ്ത്രീകൾ പൊലീസ് സ്റ്റേഷനിലെത്തി സ്വർണവും പണവും നഷ്ടപ്പെട്ടുവെന്ന് പരാതി നൽകിയിട്ടുണ്ട്. 20 പവനോളം സ്വർണാഭരണങ്ങളും 8ലക്ഷം രൂപയും പ്രതി തട്ടിയെടുത്തതായി യുവതികളുടെ പരാതിയിൽ പറയുന്നു. രണ്ട് യുവതികളുടെ പരാതിയിലാണ് നിലവിൽ കേസെടുത്തിരിക്കുന്നത്. വിശ്വാസവഞ്ചന, ബലാത്സംഗം, ഗാർഹിക പീഡനം തുടങ്ങിയ വകുപ്പുകളാണ് പ്രതിക്കെതിരെ ചുമത്തിയിരിക്കുന്നത്.

ജനങ്ങളെ മണ്ടന്മാരാക്കുകയാണോ; നട്ടെല്ലിന് ശസ്ത്രക്രിയ കഴിഞ്ഞ സെയ്ഫിന് നടക്കാൻ എങ്ങനെ കഴിയും?

മുംബയ്: ബാന്ദ്രയിലെ ലീലാവതി ആശുപത്രിയിൽ നിന്നും നടൻ സെയ്ഫ് അലി ഖാൻ വീട്ടിലേക്ക് മടങ്ങുന്നതിന്റെ വീഡിയോ സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിച്ചിരുന്നു. ദിവസങ്ങൾക്ക് മുമ്പ് 6കുത്തേറ്റ് ഗുരുതരാവസ്ഥയിലായിരുന്ന സെയ്ഫ് ഇത്രവേഗം സാധാരണ ജീവിതത്തിലേക്ക് മടങ്ങിയെത്തിയതിന്റെ സന്തോഷത്തിലാണ് ആരാധകർ. എന്നാൽ, മേജർ സർജറി ചെയ്തുവെന്ന് പറഞ്ഞ് സെയ്ഫ് ജനങ്ങളെ കബളിപ്പിക്കുകയായിരുന്നുവെന്നും, നട്ടെല്ലിന് ശസ്ത്രക്രിയ കഴിഞ്ഞ ഒരാൾക്ക് ദിവസങ്ങൾക്കുള്ളിൽ ഇങ്ങനെ നടക്കാൻ സാധിക്കുമോ എന്നുമാണ് സോഷ്യൽ മീഡിയയിലെ ഒരു വിഭാഗം ചോദിക്കുന്നത്.

കനത്ത പൊലീസ് സുരക്ഷയിലാണ് സെയ്ഫ് അലി ഖാൻ ആശുപത്രി വിട്ടത്. മാദ്ധ്യമങ്ങൾക്കും ആരാധകർക്കും നേരെ അദ്ദേഹം കൈവീശി കാണിക്കുകയും ചെയ്തു. 54കാരനായ സെയ്ഫ് 5 ദിവസമായി ആശുപത്രിയിൽ കഴിയുകയായിരുന്നു. ഭാര്യയും നടിയുമായ കരീന കപൂറും അദ്ദേഹത്തിനൊപ്പം ആശുപത്രിയിൽ ഉണ്ടായിരുന്നു.

ആശുപത്രിയിൽ വച്ച് 5 മണിക്കൂർ നീണ്ട ശസ്ത്രക്രിയയ്ക്ക് വിധേയനാക്കിയ അദ്ദേഹത്തെ ഐസിയുവിലാണ് പ്രവേശിപ്പിച്ചിരുന്നത്. കത്തിയുടെ ഒരു കഷ്ണം ശരീരത്തിൽ തുളച്ചിരുന്നു. ഇത് പുറത്തെടുക്കാൻ വേണ്ടിയായിരുന്നു ശസ്ത്രക്രിയ. ശരീരത്തിലേറ്റ 2 മുറിവുകൾ വളരെ ആഴത്തിലുള്ളതായിരുന്നു. നട്ടെല്ലിലെ ഡ്രാവകം പൊട്ടിയതായും ഡോക്ടർമാർ പറഞ്ഞിരുന്നു. ഇത്രയും ഗുരുതര പ്രശ്നങ്ങൾ ഉണ്ടായിരുന്ന വ്യക്തി എങ്ങനെ ഇത്ര നിസാരമനായി നടന്നുപോകുന്നു എന്ന കമന്റും വീഡിയോയ്ക്ക് താഴെ വന്നിട്ടുണ്ട്.

'ഇത്രയും വേഗത്തിൽ പരിക്കുകൾ ഭേദമാകുമോ?, മേജർ സർജറി കഴിഞ്ഞ ഒരാൾ എങ്ങനെ ഇതുപോലെ നടക്കും, സെയ്ഫ് നമ്മളെ പറ്റിച്ചതാണോ? സാധാരണ ഉളുക്ക് പോലും ഭേദമാകാൻ ഒരു മാസമെടുക്കും', തുടങ്ങിയ കമന്റുകളാണ് വീഡിയോയ്ക്ക് താഴെ വന്നിട്ടുള്ളത്.

കഠിനംകുളം കൊലപാതകം; യുവതിയുടെ സ്കൂട്ടർ ഉപേക്ഷിച്ച നിലയിൽ; പ്രതിയുടെ വാടകവീട് പരിശോധിക്കും

തിരു: വീട്ടിൽ ഒറ്റയ്ക്കായിരുന്ന യുവതിയെ കുത്തേറ്റു കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയ സംഭവത്തിൽ പ്രതി രക്ഷപ്പെട്ട യുവതിയുടെ സ്കൂട്ടർ ചിറയിൻകീഴ് റെയിൽവേ സ്റ്റേഷനിൽ നിന്നും കണ്ടെത്തി. പ്രതിയെക്കുറിച്ച് അന്വേഷണം നടക്കുന്നതിനിടെ വൈകുന്നേരത്തോടെയാണ് ചിറയിൻകീഴ് റെയിൽവേ സ്റ്റേഷനിൽ ടിക്കറ്റ് കൗണ്ടറിനു സമീപത്ത് നിന്നും അന്വേഷണ സംഘം സ്കൂട്ടർ കണ്ടെത്തിയത്. കൊലയ്ക്ക് ശേഷം വീട്ടിലുണ്ടായിരുന്ന സ്കൂട്ടറുമായിട്ടാണ് പ്രതി രക്ഷപ്പെട്ടത്. പ്രതി ട്രെയിനിൽ രക്ഷപ്പെട്ടെന്നാണ് പോലീസ് നിഗമനം. സ്റ്റേഷനിലെത്തിച്ച സ്കൂട്ടർ ഇന്ന് പോലീസ് വിശദമായി പരിശോധിക്കും.

പെരുമാതുറയിൽ ഇയാൾ താമസിച്ചിരുന്ന വീടും പോലീസ് കണ്ടെത്തിയിട്ടുണ്ട്. അവിടെ നിന്നും തിങ്കളാഴ്ച വൈകുന്നേരമാണ് ഇയാൾ പുറത്തുപോയത്. പിന്നീട് മടങ്ങിയെത്തിയിട്ടില്ല എന്നാണ് വിവരം. ഈ വീട് വാടകയ്ക്കെടുത്തിട്ട് കുറച്ചു ദിവസങ്ങളേ ആയിട്ടുള്ളൂ. ഈ വീടും പോലീസ് ഇന്ന് തുറന്നു പരിശോധിക്കും. തിരുവനന്തപുരം റൂറൽ എസ്പി യുടെ സംഘം, ആറ്റിങ്ങൽ ഡിവൈഎസ്പിയുടെ സംഘം, ഡാൻസാഫ് സംഘം, കഠിനംകുളം - ചിറയിൻകീഴ് പോലീസ് എന്നിങ്ങനെ നാല് സംഘങ്ങളായിട്ടാണ് പ്രതിക്കായി അന്വേഷണം നടക്കുന്നത്.

വെഞ്ഞാറമൂട് ആലിയാട് സ്വദേശിനിയും കഠിനംകുളം പാടിക്കവിളാകം ഭരണിക്കാട് ഭഗവതിക്ഷേത്രത്തിലെ പൂജാരിയായ രാജീവിന്റെ ഭാര്യയുമായ ആതിര(30)യാണ് കൊല്ലപ്പെട്ടത്. ചൊവ്വാഴ്ച രാവിലെ പതിന്നൊരയോടെ ക്ഷേത്രത്തിൽ നിന്നു വീട്ടിലെത്തിയ രാജീവ്, ഭാര്യയെ കൊല്ലപ്പെട്ട നിലയിൽ കാണുകയായിരുന്നുവെന്നാണ് പോലീസിനോടു പറഞ്ഞത്. പിന്നാലെ സാമൂഹികമാധ്യമം വഴി ആതിരയുമായി സൗഹൃദമുള്ള ആൾക്കായി പോലീസ് തിരച്ചിൽ ആരംഭിച്ചിരുന്നു.

വൻ സ്പിരിറ്റ് വേട്ട

മലപ്പുറം: മലപ്പുറം തിരൂരങ്ങാടിയിൽ വൻ സ്പിരിറ്റ് വേട്ട. 22,000ലധികം ലിറ്റർ സ്പിരിറ്റ് ആണ് പാലക്കാട് എസ്.പി യുടെ പ്രത്യേക സംഘം പിടിച്ചെടുത്തത്. കർണാടകയിൽ നിന്നും എറണാകുളത്തേക്ക് ചരക്കു ലോറിയിലാണ് സ്പിരിറ്റ് കടത്തിയത്. രാവിലെ 7 മണിയോടെയാണ് സ്പിരിറ്റ് കയറ്റിയ ലോറി പൊലീസിന്റെ ശ്രദ്ധയിൽപ്പെട്ടത്. കന്നാസുകളിലാക്കിയ സ്പിരിറ്റ് ലോറിയിൽ അടുക്കിയ ശേഷം മുകളിൽ നെല്ല് നിറച്ച ചാക്കുകളിട്ട് മൂടിയാണ് കടത്താൻ ശ്രമിച്ചത്.

മാതാവിനെ വെട്ടിക്കൊന്ന മകന് മാനസിക വിഭ്രാന്തി; കുതിരവട്ടത്തേക്ക് മാറ്റി

കോഴിക്കോട്: താമരശ്ശേരി ഈങ്ങാപ്പുഴയ്ക്ക് സമീപം കട്ടിപ്പാറ വേനക്കാവിൽ സുബൈദയെ വെട്ടിക്കൊന്ന മകൻ ആഷിഖിനെ (24) കുതിരവട്ടം മാനസിക ആരോഗ്യ കേന്ദ്രത്തിലേക്ക് മാറ്റി. കസ്റ്റഡിയിൽ മാനസിക വിഭ്രാന്തി കാണിച്ചതിനെ തുടർന്നാണ് മാറ്റിയത്. പ്രതിക്കായി ഇന്ന് പൊലീസ് കസ്റ്റഡി അപേക്ഷ നൽകും. കഴിഞ്ഞ ശനിയാഴ്ചയാണ് ലഹരിക്കടിമയായ മകൻ ആഷിഖ് മാതാവിനെ വെട്ടിക്കൊലപ്പെടുത്തിയത്. പണം നൽകാത്തതിനുള്ള പ്രകോപനമാണ് കൊലപാതകത്തിന് കാരണമെന്ന് പൊലീസ് പറഞ്ഞു. കൃത്യം നടത്തിയതിന് പിന്നാലെ നാട്ടുകാരാണ് പ്രതിയെ പിടികൂടി പൊലീസിൽ ഏൽപിച്ചത്. 'ജന്മം നൽകിയതിനുള്ള ശിക്ഷയാണ് കൊല. ആ ശിക്ഷ ഞാൻ നടപ്പാക്കി'- എന്നായിരുന്നു യുവാവ് അപ്പോൾ പറഞ്ഞുകൊണ്ടിരുന്നത്.



സുബൈദയുടെ സഹോദരി സക്കീനയുടെ വേനക്കാവിലെ വീട്ടിൽ ഉച്ചയ്ക്ക് രണ്ടരയ്ക്കാണ് അരുംകൊല നടന്നത്. മസ്തിഷ്കാർബുദം ബാധിച്ച സുബൈദ ശസ്ത്രക്രിയയ്ക്ക് ശേഷം സഹോദരിയുടെ വീട്ടിൽ വിശ്രമത്തിലായിരുന്നു. ആഷിഖ് അടുത്ത വീട്ടിൽ നിന്നും തേങ്ങ പൊളിക്കാനാണെന്നും പറഞ്ഞ് കൊടുവാൾ ചോദിച്ച് വാങ്ങി. ശേഷം വീട്ടിനകത്ത് കയറി സുബൈദയെ വെട്ടിക്കൊല്ലുകയായിരുന്നു. കഴുത്തിന് പല തവണ മാരകമായി വെട്ടുകളേറ്റ സുബൈദ ആശുപത്രിയിലെത്തും മുമ്പേ തന്നെ മരിച്ചു.

ബഹളം കേട്ട് ഓടിയെത്തിയ നാട്ടുകാർ ആഷിഖിനെ താമരശ്ശേരി പൊലീസിലേൽപ്പിക്കുകയായിരുന്നു. മയക്കുമരുന്നിന് അടിമയായ ആഷിഖ് നേരത്തെ ഡീഅഡിക്ഷൻ സെന്ററുകളിൽ ചികിത്സയിൽ കഴിഞ്ഞിരുന്നു. പ്രതി പ്ലസ്ടുവരെ നാട്ടിലാണ് പഠിച്ചത്. അതിനുശേഷം കോഴിക്കോട് പഠിച്ചു. ഇവിടെവച്ചാണ് ലഹരി ഉപയോഗം തുടങ്ങിയതെന്നാണ് വിവരം.

കണ്ടക്ടർ കുഴഞ്ഞുവീണു മരിച്ചു

ചേലക്കര:ബസ് കണ്ടക്ടർ ജോലിക്കിടെ കുഴഞ്ഞുവീണ് മരിച്ചു. ചേലക്കര വെങ്ങാനെല്ലൂർ മങ്ങാട്ട് വീട്ടിൽ രാജഗോപാലൻ (60) ആണ് മരിച്ചത്.

എന്നുവരും കേരളത്തിലെ രണ്ടാം മെട്രോ? പദ്ധതികളുടെ പുരോഗതി നേരിട്ട് വിലയിരുത്തി പ്രധാനമന്ത്രി

ന്യൂഡൽഹി: രാജ്യത്തിന്റെ പൊതുഗതാഗത മാർഗങ്ങളുടെ അടുത്ത ഘട്ടമാണ് മെട്രോ ട്രെയിൻ പ്രൊജക്ടുകൾ. നിർമ്മാണ ഘട്ടത്തിലുള്ള ആറ് മെട്രോ പദ്ധതികളുടെ പുരോഗതി നേരിട്ട് വിലയിരുത്തിയിരിക്കുകയാണ് പ്രധാനമന്ത്രി മോദി. ഡൽഹി മെട്രോയുടെ നാലാം ഘട്ടം, പട്ന മെട്രോ, ഭോപാൽ മെട്രോ, ഇൻഡോർ മെട്രോ, ആഗ്ര മെട്രോ, കാൺപൂർ മെട്രോ എന്നിവയുടെ പുരോഗതിയാണ് പ്രധാനമന്ത്രി വിലയിരുത്തിയത്.

'പൊതുഗതാഗത സംവിധാനങ്ങളിൽ ഒന്നായി കൂടുതൽ കൂടുതൽ നഗരങ്ങൾ മെട്രോ പദ്ധതികൾ കൊണ്ടുവരുന്നത് കണക്കിലെടുത്ത് അവയ്ക്കാവശ്യമായ ശിൽപശാലകൾ നടത്തുക, അനുഭവങ്ങൾ പങ്കുവയ്ക്കുക. നല്ല കീഴ്വഴക്കങ്ങൾ സ്വീകരിക്കുക, പോരായ്മകളെ മറികടക്കാൻ പഠിക്കുക.' പ്രധാനമന്ത്രി അവലോകന യോഗത്തിൽ പറഞ്ഞു. ആറ് ഇടനാഴികളിലായി 107 കിലോമീറ്ററാണ് ഡൽഹി മെട്രോയുടെ നാലാം ഘട്ടത്തിൽ പണി നടക്കുന്നത്. ജനക് പുരി മുതൽ കൃഷ്ണ പാർക്ക് വരെ 1200 കോടിയുടെ 2.8 കിലോമീറ്റർ നീളുന്ന പാത പ്രധാനമന്ത്രി അടുത്തിടെ ഉദ്ഘാടനം ചെയ്തിരുന്നു. ഇതോടൊപ്പം 6230 കോടിയുടെ 26.5 കിലോമീറ്റർ നീളുന്ന മറ്റൊരു പാതയുടെയും തറക്കല്ലിടൽ നടത്തി.

ഈ വർഷം തന്നെ ഉദ്ഘാടനം ചെയ്യപ്പെടുന്ന മെട്രോയാണ് പട്ന മെട്രോ. ബൈരിയ ബസ് ടെർമിനൽ മുതൽ മലാഹി പകടി വരെയുള്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

അമലയിൽ സൗജന്യ വിഗ് വിതരണം

അമലനഗർ: കാൻസർ രോഗം മൂലം മുടി നഷ്ടപ്പെട്ട 72 പേർക്ക് അമല മെഡിക്കൽ കോളേജിൽ വിഗ്ഗുകൾ വിതരണം ചെയ്തു. ചടങ്ങിന്റെ ഉദ്ഘാടനം ദേവമാതാ പ്രൊവിൻഷ്യാൾ ഫാ. ഡോ. ജോസ് നന്തിക്കര നിർവ്വഹിച്ചു. അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, ജോയിൻറ് ഡയറക്ടർ ഫാ. ജെയ്സൺ മുണ്ടൻമാണി, പാലിയേറ്റീവ് വിഭാഗത്തിലെ ഡോ. സുജോ വർഗ്ഗീസ്, കേശദാനം കോ-ഓർഡിനേറ്റർ പി. കെ. സെബാസ്റ്റ്യൻ, ഹെയർ ഡോണർമാരായ ടി. കെ. പ്രശാൽ, ഇസ്സ മരിയ ലിംഗ്സൺ, കൗൺസിലിംഗ് വിഭാഗത്തിലെ ഹെന്ന എന്നിവർ പ്രസംഗിച്ചു.

സ്തനാർബുദം ബാധിച്ച 30 രോഗികൾക്ക് നിറ്റഡ് നോകേഴ്സും സൗജന്യമായി വിതരണം ചെയ്തു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 250 പേർ മീറ്റിങ്ങിൽ പങ്കെടുത്തു. കേശദാനം സ്നേഹദാനം ക്യാമ്പുകൾ സംഘടിപ്പിച്ച 30 സ്ഥാപനങ്ങളെയും മുടി മുറിച്ചു നൽകിയ 35 വ്യക്തികളെയും മീറ്റിങ്ങിൽ മെമന്റോയും സർട്ടിഫിക്കറ്റും നൽകി ആദരിച്ചു.

ഇതിനോടകം 1800 കാൻസർ രോഗികൾക്ക് അമല മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും സൗജന്യമായി വിഗ്ഗുകൾ നൽകാൻ കഴിഞ്ഞതായി അമല ആശുപത്രി, ജോയിന്റ് ഡയക്ടർ, ഫാ. ജെയ്സൺ മുണ്ടൻമാണി അറിയിച്ചു. 410 പുരുഷന്മാർ ഉൾപെടെ 3 വയസ്സു മുതൽ 70 വയസ്സു വരെയുള്ള സമൂഹത്തിന്റെ വിവിധ മേഘലകളിൽ പ്രവർത്തിക്കുന്ന പതിനെണ്ണായിരം പേർ ഈ സ്നേഹ കൂട്ടായ്മയിലേക്ക് 30 സെന്റീ മീറ്റർ നീളത്തിൽ മുടി ദാനം ചെയ്തതു കൊണ്ടാണ് സൗജന്യമായി വിഗ്ഗുകൾ കൊടുക്കുവാൻ കഴിഞ്ഞതെന്നും,

ഇതുവരെ ആവശ്യപെട്ടിട്ടുള്ള എല്ലാ കാൻസർ രോഗികൾക്കും സൗജന്യമായി വിഗ്ഗുകൾ നൽകാൻ കഴിഞ്ഞുവെന്നും ജോയിന്റ് ഡയറക്ടർ ഫാ. ജെയ്സൺ മുണ്ടൻമാണി പറഞ്ഞു. അമല ആശുപത്രിയിൽ മാത്രമല്ല മറ്റ് ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്കും അമല ആശുപത്രിയിലെ പാലിയറ്റീവ് വിഭാഗത്തിൽ നിന്ന് വിഗ്ഗുകൾ സൗജന്യമായി നൽകുന്നുണ്ട്.

ക്വട്ടേഷൻ ക്ഷണിച്ചു

വിയ്യൂർ അതീവ സുരക്ഷാ ജയിലിലേക്ക് 10 ലിറ്ററിന്റെ വെറ്റ് ഗ്രൈൻഡർ വിതരണം ചെയ്യുന്നതിന് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജനുവരി 27 ന് പകൽ 11 ന് മുമ്പായി ലഭിക്കണം. ഫോൺ: 0487 2326070

ആരോഗ്യജാഗ്രത 2025 – ഹെൽത്തി കേരള ഇൻസ്പെക്ഷൻ

തൃശൂർ: ആരോഗ്യ ജാഗ്രത കലണ്ടർ പ്രകാരം 2025 ജനു 21 ന് തൃശൂർ ജില്ലയിൽ ആരോഗ്യ - തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ 92 ടീമുകളായി 1192 ഭക്ഷ്യ വിതരണ സ്ഥാപ നങ്ങളിൽ ആരോഗ്യ ശുചിത്വ പരിശോധന നടത്തി. നിയമലംഘനം നടത്തി പ്രവർത്തിച്ച സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് രാജ് ആക്ട്/ഹരിതനിയമം അനുസരിച്ച് 94900 രൂപ പിഴയീടാക്കി. ന്യൂനതകൾ കണ്ട 57 സ്ഥാപനങ്ങൾക്ക് കേരള പൊതുജനാരോഗ്യ നിയമം 2023 പ്രകാരം ലീഗൽ നോട്ടീസ് നൽകി. കോട്പ പുകയില നിരോധന നിയമപ്രകാരം 59 സ്ഥാപനങ്ങളിൽ നിന്നായി 13000 രൂപ പിഴയീടാക്കി. അളഗപ്പനഗർ പഞ്ചായത്തിലെ മണ്ണംപേട്ട പ്രദേശത്തെ അറേബ്യൻ ഗഡീസ് എന്ന ഹോട്ടൽ ആരോഗ്യ ശുചിത്വ സംവിധാനത്തിന്റെ പോരായ്മ മൂലം അടച്ചുപൂട്ടി. കുടിവെള്ളം ഭക്ഷണം എന്നിവയുടെ ശുചിത്വം ഉറപ്പാക്കി ഭക്ഷണ വിതരണ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കണമെന്ന് ജില്ലാ പൊതുജനാരോഗ്യ അധികാരി അറിയിച്ചു.

തൃശ്ശൂർ: കുടുംബശ്രീ കേരള ചിക്കന്റെ പുതിയ ഫ്രോസൺ ഉൽപ്പന്നങ്ങളുടെ ജില്ലാതല വിപണനോദ്ഘാടനം അഗ്രോ ഹൈപ്പർ ബസാറിൽ വെച്ച് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ്, എൻജിനീയർ പി ആർ സുരേഷ് കുമാറിന് നൽകി നിർവഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ ഡോ.സലിൽ യു അധ്യക്ഷത വഹിച്ചു. ആദ്യഘട്ടത്തിൽ 400 ഗ്രാം, 900 ഗ്രാം ചിക്കൻ കറി കട്ട് ചെയ്തത്

ചുമട്ട് തൊഴിലാളി സംസ്ഥാന പ്രചാരണ ജാഥ തൃശൂരിൽ എത്തിയപ്പോൾ

ചുമട്ട് തൊഴിലാളി ജാഥ സമാപിച്ചു. കേരള സ്റ്റേറ്റ് ഹെഡ് ലോഡ് ആൻറ് ജനറൽ വർക്കേഴ്സ ഫെഡറേഷൻ സംഘടിപ്പിച്ച തെക്കൻ, വടക്കൻ തൊഴിൽ സംരക്ഷണ ജാഥകകൾ തൃശൂരിൽ സപാ പി ച്ചു. സമാപന സമ്മേളനം സി.ഐ.ടി.യു.സാസ്ഥാന സെക്രട്ടറി സി.കെ.ഹരികൃഷണൻ ഉദ്ഘാടനം ചെയ്തു.ഫെഡറേഷൻ ജില്ല പ്രസിഡന്റ് കെ.ആർ.രവി അദ്ധ്യക്ഷത വഹിച്ചു.ജാഥ ക്യാപ്റ്റൻമാരായ ആർ.രാമു ., സി.കെ.മണിശങ്കർ, വൈസ് ക്യാപ്റ്റൻ മാരായ കെ.രാമദാസ്, എ.എം.ഇക്ക്ബാൽ, മാനേജർമാരായ എൻ.സുന്ദരം പിള്ള, സി. നിസാർ, സി.കെ.ടി.യു.ജില്ല ജനറൽ സെക്രട്ടറി യു.പി.ജോസഫ്, കെ.പി.രാജൻ, കെ.മോഹനൻ, എം.ബി.ഫൈസൽ, കെ.ആർ.അജയ് കെ.സി.രാജഗോപാൽ, ടി.ആർ, സേമ്മൻ, കോശി അലക്സ, എം.എ.രാജഗോപാലൻ, എന്നിവർ പ്രസംഗിച്ചു

അദ്വൈത് അശോക് കുമാർ ചാമ്പ്യൻ

തൃശ്ശൂർ : വിയ്യൂർ ഗ്രാമീണ വായനശാലയുടെ 54-ാമത് പി കെ പോൾ അഖില കേരള ഓപ്പൺ പ്രൈസ് മണി ചെസ് ടൂർണമെന്റിൽ ചരിത്രം രചിച്ച് 7 റൗണ്ട് മത്സരങ്ങളിൽ ഏഴ് വിജയവുമായി 12 വയസ്സുള്ള പാലക്കാട് അദ്വൈത് അശോക് കുമാർ ചാമ്പ്യനായി. തൃശ്ശൂർ ജിംനാസ്റ്റിക് അസോസിയേഷൻ പ്രസിഡന്റ് കെ ജെ ജെപ്സൺ ഉദ്ഘാടനവും തൃശൂർ കോർപ്പറേഷൻ നാലാം ഡിവിഷൻ കൗൺസിലർ രെന്യ ബൈജു സമ്മാന വിതരണവും നടത്തി. വായനശാല പ്രസിഡന്റ് സന്തോഷ് കെ എഫ്, തൃശ്ശൂർ ജില്ല ചെസ്സ് അസോസിയേഷൻ പ്രസിഡണ്ട് വി ശശിധരൻ, സെക്രട്ടറി പി ഉദയകുമാർ, ആനന്ദ് പി ജെ, വി ഡി ജോൺസൺ അരുൺ നാരായണൻ എന്നിവർ പ്രസംഗിച്ചു.

വാട്ടർ കിയോസ്ക് സ്ഥാപിച്ചു

തൃശൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ കീഴിലുള്ള തളിക്കുളം ഗ്രാമപഞ്ചായത്തിലെ സ്നേഹതീരം ബീച്ച് പാർക്കിൽ നാട്ടിക നിയോജകമണ്ഡലം എംഎൽഎയുടെ 2024-25 പ്രത്യേക വികസന ഫണ്ട് ഉപയോഗപ്പെടുത്തി വാട്ടർ കിയോസ്ക് സ്ഥാപിച്ചു. അഞ്ച് ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിച്ച വാട്ടർ കിയോസ്ക് നാട്ടിക നിയോജകമണ്ഡലം എം.എൽ.എ. സി സി മുകുന്ദൻ ഉദ്ഘാടനം ചെയ്തു.

തളിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി.ഐ. സജിത ചടങ്ങിൽ അധ്യക്ഷത വഹിച്ചു. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.എം. അഹമ്മദ് മുഖ്യാതിഥിയായി. സ്നേഹതീരം മാനേജർ എ.ടി. നേന, സ്നേഹതീരം ജീവനക്കാർ എന്നിവർ പങ്കെടുത്തു.

ദർഘാസ് ക്ഷണിച്ചു

തൃശൂർ: കെ സ്വാൻ (കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക്) ഇന്റഗ്രേഷന്റെ ഭാഗമായി തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഉപയോഗത്തിലുള്ള നെറ്റ്വർക്കിങ് സ്വിച്ച്, വയറിങ്ങ്, യു.പി.എസ്, യു.പി.എസ്. വയറിങ്ങ്, ഇപബ്ക്സ്(ഉജഅആത) സിസ്റ്റം എന്നിവയുടെ അറ്റകുറ്റ പണികൾക്കായി മുദ്രവച്ച ദർഘാസ് ക്ഷണിച്ചു. ഫോൺ: 0487 2361945, 0487 2360847

ചെങ്ങന്നൂർ: ദേശീയ സരസ് മേള നഗറിൽ ആരംഭിച്ച ഔഷധി സ്റ്റാൾ ചെയർപേഴ്സൺ ശോഭന ജോർജ്ജ് എക്സ് എം എൽ എ ഉദ്ഘാടനം ചെയ്തു.

ഫോക് ലോർ അക്കാദമി ചെയർമാൻ ഒ എസ് ഉണ്ണികൃഷ്ണൻ അധ്യക്ഷനായി. ഫാ. ജേക്കബ് റോയ് ജോർജ്ജ് ആദ്യവിൽപ്പന നടത്തി. വൈസ് ചെയർമാൻ കെ ഷിബു രാജൻ, മേള പബ്ലിസിറ്റി ചെയർമാൻ ജി. വിവേക്, മീഡിയ കമ്മിറ്റി ജന. കൺവീനർ പി എസ് ബിനുമോൾ, കെ എ കരീം, ജെസ്സി സാം, ഡോ എച്ച് കീർത്തി, പ്രീതി വിനോദ് എന്നിവർ പങ്കെടുത്തു. മേള നഗറിലെ സ്റ്റാളിൽ നിന്നും വാങ്ങുന്ന ഔഷധി ഉല്പന്നങ്ങൾക്ക് 10 ശതമാനം വിലക്കുറവ് ഉണ്ടായിരിക്കുമെന്ന് ശോഭന ജോർജ്ജ് അറിയിച്ചു.

പട്ടികവർഗ്ഗ യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം

തൃശ്ശൂർ: ജില്ലാ പഞ്ചായത്തിന്റെ പട്ടികവർഗ്ഗ യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം എന്ന പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ഓപ്പറേറ്റർ സി.എൻ.സി. ടർണിങ് ആൻഡ് വെർട്ടിക്കൽ മെഷീനിങ് സെന്റർ എന്ന കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഫെബ്രുവരി അഞ്ചിന് വൈകീട്ട് അഞ്ചു മണിക്ക് മുമ്പായി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, ചാലക്കുടി പി.ഒ, തൃശ്ശൂർ - 680 307 എന്ന വിലാസത്തിലേക്ക് അയക്കണം. ഫോൺ: 0480 2960400, 0480 2206100

കൊടകര സെന്റ് ജോസഫ് പള്ളി തിരുനാളുമായി ബന്ധപ്പെട്ട് ഉണ്ടായ അടിപിടി കേസ്സിൽ പ്രതികളെ അറസ്റ്റ് ചെയ്തു

പ്രണവ് | നിവേദ് | ജിഷ്ണു | ജോസഫ്

കൊടകര: സെൻറ് ജോസഫ് പള്ളി തിരുനാളുമായി ബന്ധപ്പെട്ട് നടത്തിയ ടൗൺ അമ്പിൻെറ ആഘോഷ വേളയ്ക്ക് ഇടയിൽ വാക്ക് തർക്കത്തെ തുടർന്ന് അടിപിടി ഉണ്ടാക്കുകയും, അടിപിടിയിൽ കൊടകര കാവുംതറ സ്വദേശിയായ കിരൺ എന്ന വ്യക്തിയെ ഇടിവള ഉപയോഗിച്ച് ആക്രമിച്ച പരിക്കേൽപ്പിച്ച് പള്ളി പെരുന്നാൾ അലോക്കോലപ്പെടുത്താൻ ശ്രമിച്ച നിരവധി ക്രിമിനൽ കേസിൽ പ്രതികളായ 1) പ്രണവ് (27), 2) നിവേദ് (24), 3) ജിഷ്ണു (27), 4) ജോസഫ് (25) എന്ന പ്രതികളെ കൊടകര പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.

അറിയപ്പെടാത്ത സ്വാന്ത്ര്യസമരനായകർ അരങ്ങിൽ

തൃശൂർ: ദേവമാത സി.എം.ഐ പബ്ലിക്സ്കൂളിലെ 1500 വിദ്യാർത്ഥികൾഅറിയപ്പെടാത്ത 8സ്വാതന്ത്ര്യസമരനായകരെ അരങ്ങിലെത്തിക്കുന്നു.

ജനുവരി 24ന് വെള്ളിയാഴ്ച രാത്രി 6.15നാണ് ദേവമാത അങ്കണത്തിൽ വീര സ്വാതന്ത്ര്യ സമര പോരാളികളുടെ കഥ വേദിയിൽ അവതരിപ്പിക്കുന്നത്. ബ്രിട്ടീഷ് കമ്പനിക്കെതിരെ നിന്ന മേഘാലയയിലെ വനിതാ പോരാളി കഫാൻ, ബംഗ്ലാദേശിൽനിന്ന് 14-ാം വയസിൽ സ്വാതന്ത്ര്യത്തിനായി പടപൊരുതിയ സുനീതി ചൗദരി, ഹൈദരാബാദിലെ ആദിവാസികളിൽ നിന്നുള്ള 40 വയസിൽ വെടിയേറ്റ് മരിച്ച കുമരം-ബീം, സൂററ്റിൽ ഗാന്ധിയൻ ചിന്തകളുമായി സ്ത്രീ സ്വാതന്ത്ര്യത്തിനായി പ്രവർത്തിച്ച രാജസ്നേഹി ഉഷ മേഹത്ത, ആധുനികഹിന്ദുസ്ഥാനി എഴുത്തുകാരൻ മുൻഷി പ്രേംചന്ദ്, കിട്ടൂർ റാണി എന്ന പേരിൽ അറിയപ്പെടുന്ന റാണിചെന്നമ്മ, തമിഴ്നാട്ടിലെ രാമനാഥപുരത്ത് ശിവഗംഗയിലെ റാണി എന്ന പേരിൽ പ്രശസ്തി നേടിയ റാണിവേലു നാച്ചിയാരുടെ പടയ്ക്ക് നേതൃത്വം നൽകിയ കുയിലി, 19-ാം നൂറ്റാണ്ടിൽവയനാട്ടിലെകുറിച്യസമുദായത്തിൽനിന്ന് പഴശ്ശിയുടെ മുഖ്യയുദ്ധ പോരാളിയായ തലയ്ക്കൽ ചന്തു തുടങ്ങിയവരെയാണ് രംഗത്ത് കുരുന്നുകൾ ജീവൻ പകർന്നു നൽകുന്നത്.

സ്വാതന്ത്ര്യ സമരകഥ പറയുമ്പോൾ എല്ലാവരും പറയാതെ പോകുന്ന ചരിത്രനായകരെ സമൂഹത്തിന്റെ മുന്നിൽ പുനരാവിഷ്കാരം നടത്തുകയാണ് രണ്ടര മണിക്കൂർ ദൈർഘ്യമുള്ള സംഗീത നൃത്ത നാടകത്തിലൂടെ സ്വാതന്ത്ര്യസമരത്തിനായിജീവത്യാഗംചെയ്തവരേയുംസാഹിത്യരംഗത്തിലൂടെ സമരത്തിന് പ്രചോദനം നൽകിയവരേയും ഗാന്ധിയൻ ആദർശങ്ങളുടെമൂല്യങ്ങളുംവിദ്യാർത്ഥികളിൽ രൂപീകരിക്കുവാൻ 1500 വിദ്യാർത്ഥികളുടെ കലാവിഷ്ക്കാരത്തിന് കഴിയുമെന്ന് ദേവമാതസ്കൂൾ പ്രിൻസിപ്പാൾ ഫാ. ജോയ്സ് എലവത്തിങ്കൽ പറഞ്ഞു. ആധുനിക ദൃശ്യമാധ്യമങ്ങളുടെസഹായത്തോടെ തുറന്ന വേദിയിലാണ് അവതരണം.

ഉദ്ഘാടനം സി.എം.ഐ ദേവമാത പ്രൊവിൻഷ്യാൾ ഫാ. ജോസ് നന്തിക്കര നിർവ്വഹിക്കും. വയലിനിസ്റ്റ് മാർട്ടീന ചാൾസ് മുഖ്യാതിഥിയായിരിക്കും.

നിര്യാതനായി

ഒമർ ബിൻ റഹീം

എറിയാട് : കടപ്പൂർ പള്ളിക്ക് കിഴക്ക് വശം താമസിക്കുന്ന പുളിക്കലകത് റഹീം മകൻ ഒമർ ബിൻ റഹീം അബുദാബിയിൽ വെച്ച് മരണപ്പെട്ടു. ഭാര്യ നദ, സഹോദരൻ അമർ ബിൻ റഹീം, മാതാവ് സറീന റഹീം.

സെന്റ് ജോസഫ് കോളേജിൽ ദ്വദിന ഇന്റർനാഷണൽ സെമിനാർ ഉദ്ഘാടനം ചെയ്തു ഇനിഷ്യോ- 2025

ഇരിങ്ങാലക്കുട: സെന്റ് ജോസഫ് കോളേജ്, സാമൂഹ്യ പ്രവർത്തന വകുപ്പിന്റെ നേതൃത്വത്തിൽ "ബാല്യകാലസംരക്ഷണവും വികസനവും" എന്ന വിഷയത്തെ ആസ്പദമാക്കി ജനുവരി 21, 22 തീയതികളിൽ നടക്കുന്ന ഇന്റർനാഷണൽ കോൺഫറൻസ് യൂണിസെഫ് ഫോർമർ റീജിയണൽ അഡ്വൈസർ ഡോ. സഞ്ജീവ് കുമാർ ഉദ്ഘാടനം ചെയ്തു. വകുപ്പ് മേധാവി ഡോ. സി.ജെസ്സിൻ എല്ലാവരെയും സ്വാഗതം ചെയ്യുകയും, യൂനിസെഫ് മഹാരാഷ്ട്ര സ്റ്റേറ്റ് ഓഫീസ് റിട്ടേയെഡ് ചീഫ് ശ്രീ. ഗോപിനാഥ് ടി. മേനോൻ ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. സി. സിജി പി ഡിയുടെ അധ്യക്ഷത യിൽ നടന്ന ചടങ്ങിൽ കേരള യൂണിവേഴ്സിറ്റി ഹെൽത്ത് സയൻസസ് മുൻ ചാൻസിലറും നിംസ് സ്പെക്ട്രം ഡയറക്ടറുമായ ഡോ. എം കെ സി നായർ മുഖ്യപ്രഭാഷണം നടത്തി. കോളേജ് സെൽഫ് ഫിനാൻസിംഗ് പ്രോഗ്രാമിംഗ് കോഡിനേറ്റർ ഡോ. സി. റോസ് ബാസ്റ്റ്യൻ, ഐ.ക്യു. എ.സി കോഡിനേറ്റർ പ്രൊഫ. ഡോ. ബിനു ടി വി, കാനഡ സ്കാർബോറോ വുമൺസ് സെന്റർ കൗൺസിലർ സജി ജോസ് നെല്ലിശ്ശേരി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.ലണ്ടനിലെ നാഷണൽ ഹെൽത്ത് സർവീസസ് സീനിയർ കൺസൾട്ടന്റായ ഡോ. സേതു വാര്യർ, യു എൻ എഫ് പി എ ഫോർമർ ഡെപ്യൂട്ടി റീജിയണൽ ഡയറക്ടറും അഡ്വൈസറുമായ ഡോ. പീറ്റർ എഫ് ചെൻ, എറണാകുളം സെന്റ് തെരേസാസ് കോളേജ് അസോസിയേറ്റ് പ്രൊഫസറും ഹോം സയൻസ് ആൻഡ് സെന്റർ ഫോർ റിസർച്ചിന്റെ റിട്ടയേഡ് ഹെഡുമായ ഡോ. താര സെബാസ്റ്റ്യൻ, കല്ലേറ്റുംകര എൻ ഐ പി എം ആർ എക്സിക്യൂട്ടീവ് ഡയറക്ടർ സി ചന്ദ്രബാബു എന്നിവരുടെ നേതൃത്വത്തിൽ ടെക്നിക്കൽ സെഷൻസ് നടത്തപ്പെട്ടു.

പുരോഗമന കലാ സാഹിത്യ സംഘം പന്നിത്തടം യൂണിറ്റ് എം.ടി. രചന അനുഭവ സാഗരം

പന്നിത്തടം: പൊള്ളുന്ന ജീവിതാനുഭവങ്ങളാലുള്ള സാഹിത്യരചനകൾ കാലാതീതമാകുന്നു എന്നതിന്റെ തെളിവാണ്, എം.ടി.വാസുദേവൻ നായരുടെ രചനകളെന്ന് സർഗ സംവാദം വിലയിരുത്തി.

പുരോഗമന കലാ സാഹിത്യ സംഘം പന്നിത്തടം യൂണിറ്റാണ് സംവാദം ഒരുക്കിയത്.

എം ടി യുടെ രചനാ ഭാഷ കൂടുതലും വള്ളു വനാടൻ സംസ്കാരമാണെങ്കിലും, നാലുകെട്ട്, കാലം - തുടങ്ങിയ കൃതികളിലൂടെ കേരളത്തിലാകമാനം ഏകതാസ്വഭാവം ഉണ്ടാക്കുന്നതിന് കഴിഞ്ഞതായും സംവാദം ചുണ്ടിക്കാട്ടി.

സംവാദത്തിൽ രാജൻ എലവത്തൂർ അദ്ധ്യക്ഷത വഹിച്ചു. ടി. അരവിന്ദാക്ഷൻ വിഷയം അവതരിപ്പിച്ചു. പോൾസൺ താം സുബിൻ.എ.എസ്.,ഹമീദ് പന്നിത്തടം, ശിവൻ ചിറമനങ്ങാട് കെ.വിജയൻ സംസാരിച്ചു.

വിസ വാഗ്ദാനം ചെയ്തു പണം തട്ടിയ കേസ്സിൽ അറസ്റ്റിൽ

ഇരിങ്ങാലക്കുട : അബുദാബിയിൽ ഷിപ്പിൽ ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ കൈക്കലാക്കിയ കേസ്സിൽ തൃശൂർ കല്ലൂർ സ്വദേശി അരണാട്ടുകരക്കാരൻ ബാബുവിനെ (50) തൃശൂർ റൂറൽ എസ്.പി. ബി.കൃഷ്ണകുമാറിന്റെ നിർദ്ദേശപ്രകാരം ഇരിങ്ങാലക്കുട ഡി.വൈ.എസ്.പി. കെ.ജി.സുരേഷ്, ഇൻസ്പെക്ടർ അനീഷ് കരീം എന്നിവരുടെ സംഘം പിടികൂടി.

2022 നവംബർ മുതൽ 2023 ജനുവരി വരെ ലക്ഷം രൂപ ഇയാൾ പരാതിക്കാരനിൽ നിന്നു കൈപ്പറ്റിയിട്ടുണ്ട്. ഇരിങ്ങാലക്കുട സ്വദേശി അതുൽ കൃഷ്ണക്കും സഹോദരി ഭർത്താവിനും ആണ് ഇയാൾ ഷിപ്പിൽ ജോലി വാഗ്ദാനം നൽകിയിരുന്നത്.

പിന്നീട് ഓരോ കാരണങ്ങൾ പറഞ്ഞ് സമയം നീട്ടിക്കൊണ്ട് പോയി. എന്നാൽ ചതിയാണെന്നു മനസ്സിലായതോടെ പോലീസിൽ പരാതിപ്പെടുകയായിരുന്നു. ഇതോടെ പണം തിരിച്ചു തരാമെന്നു പറഞ്ഞ് പലവട്ടം പറ്റിച്ചു. ഓണവും കഴിഞ്ഞു പൊങ്കലും കഴിഞ്ഞു വിസ മാത്രം വന്നില്ല.

പരാതിപ്പെട്ടതോടെ പല വിധ കാരണങ്ങൾ തടസ്സങ്ങളായി പറഞ്ഞ് തടിതപ്പാൻ ശ്രമിച്ച ഇയാൾ ഓരോ സമയത്ത് ഓരോ കാരണങ്ങൾ പറഞ്ഞാണ് സമയം നീട്ടിക്കൊണ്ട് പോയിരുന്നത്. ഓണ അവധിയും പൊങ്കൽ അവധിയും തടസ്സമായി പരാതിക്കാരോട് പറഞ്ഞിരുന്നു. ഞായറാഴ്ച പുതുക്കാട് ചെങ്ങാലൂർ നിന്നാണ് പോലീസ് കസ്റ്റഡിയിൽ എടുത്തത്.

കോടതിയിൽ ഹാജരാക്കിയ ഇയാൾക്ക് കോടതി ഉപാധികളോടെ ജാമ്യം അനുവദിച്ചു. എസ്.ഐ. സി.എം. ക്ലീറ്റസ്, പ്രബേഷൻ എസ്.ഐ. സി.പി.ജിജേഷ്, സീനയർ സി.പി.ഒ.മാരായ ഇ.എസ്.ജീവൻ, എം.ഷംനാദ്, സി.പി.ഒ മാരായ കെ.എസ് ഉമേഷ്, എം.എം.ഷാബു എന്നിവരാണ് പോലീസ് സംഘത്തിൽ ഉണ്ടായിരുന്നത്.

COURT NOTICE

BEFORE THE HONOURABLE CDRC THRISSUR

CC. 601/2022

Jose K.A. -Complainant

1) Raju Vivin, Managing Director, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005
2) Sobha Raju, Director, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005
3) Vinod Raveendranathan, Director, S/o. Raveendranathan, Kuruppanpurambath House, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005
4) Raveendranathan Nair R.A., Director, Kuruppanpurambath House, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005

-3 to 6 Opposit Parties

The above case has been fixed for trial on **02-04-2025** by ordering notice to the opposite parties 3 to 6 to be affixed in the court and premises of the company. Therefore, it is hereby informed that at 11'o clock on the above mentioned day the opposite parties 3 to 6 must appear before the Honourable CDRC, either in person or through his lawer failing which the case wil be decided in your absence.

Date this the day of 14th January 2025

Petitioner Advocate

SHANI K. KRISHNAN (Sd/-)

COURT NOTICE

BEFORE THE HONOURABLE CDRC THRISSUR

CC. 604/2022

Faizal -Complainant

1) Raju Vivin, Managing Director, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005
2) Sobha Raju, Director, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005
3) Vinod Raveendranathan, Director, S/o. Raveendranathan, Kuruppanpurambath House, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005
4) Raveendranathan Nair R.A., Director, Kuruppanpurambath House, Kalyan Auto Electric Private Ltd, Flycon Tower, Paravattani, Thrissur-680005

-3 to 6 Opposit Parties

The above case has been fixed for trial on **04-02-2025** by ordering notice to the opposite parties 3 to 6 to be affixed in the court and premises of the company. Therefore, it is hereby informed that at 11'o clock on the above mentioned day the opposite parties 3 to 6 must appear before the Honourable CDRC, either in person or through his lawer failing which the case wil be decided in your absence.

Date this the day of 14th January 2025

Petitioner Advocate

SHANI K. KRISHNAN (Sd/-)

സോഷ്യൽ റെസ്പോസിബിലിറ്റി (CSR) ടീം സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റുതിനാവശ്യമായ സാധനങ്ങൾ വിതരണം ചെയ്തു

തൃശൂർ: ഐഡിബിഐ ബാങ്ക് തൃശൂർ ബ്രാഞ്ച് കോർപ്പറേറ്റ് സോഷ്യൽ റെസ്പോസിബിലിറ്റി (CSR) ടീം സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റുതിനാവശ്യമായ സാധനങ്ങൾ വിതരണം ചെയ്തു. സീഡ് (ശാക്തീകരണത്തിനും വികസനത്തിനും പിന്തുണ നൽകുന്ന വിദ്യാഭ്യാസം) പദ്ധതിയുടെ അടിസ്ഥാനത്തിൽ പോന്നോരിലെ GWUP സ്കൂളിൽ വാൾ ഫാനുകളും വാട്ടർ പ്യൂരിഫയറും വിതരണം ചെയ്തു. കൂടാതെ മുക്കാട്ടുകര ലോവർ പ്രൈമറി സ്കൂളിലേക്ക് സൗണ്ട് സിസ്റ്റം, മൈക്ക്, പോഡിയം, വാട്ടർ പ്യൂരിഫയർ എന്നിവ വിതരണം ചെയ്തു.

കൊളത്താപ്പള്ളി രാമൻ നമ്പൂതിരിയുടെ 25-ാം ചരമവാർഷികം ആചരിക്കുന്നു

തൃശ്ശൂർ: കെ.പി. നമ്പൂതിരീസ് ആയുർവേദിക്സിനെ ആഗോള തലത്തിലേക്ക് വളർത്തിയ മുൻ മാനേജിംഗ് ഡയറക്ടർ കൊളത്താപ്പള്ളി രാമൻ നമ്പൂതിരിയുടെ 25-ാം ചരമവാർഷികം വ്യാഴാഴ്ച ആചരിക്കുന്നു.

വളരെ ദീർഘവീക്ഷണമുണ്ടായിരുന്ന രാമൻ നമ്പൂതിരി 4 പതിറ്റാണ്ടോളം ക